പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 6424

08.11.2016-ൽ മറുപടിയ്ക്ക്

## ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എം. മണി<br>ശ്രീ. പി. വി. അൻവർ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. സി. കെ. ശശീന്ദ്രൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗ്രാമന്യായാലയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനരീതിയും അത് എങ്ങനെ കോടതികളുടെ പ്രവർത്തനരീതിയിൽ നിന്നും വ്യത്യസ്തമായിരിക്കുമെന്നും അറിയിക്കാമോ ; | (ബി) സാമൂഹിക, സാമ്പത്തിക വ്യത്യാസങ്ങളൊന്നുമില്ലാതെ എല്ലാ ജനങ്ങൾക്കും നീതി ലഭ്യമാക്കുന്നതിനായിട്ടാണ് ഗ്രാമന്യായാലയങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. ഗ്രാമന്യായാലയ ആക്റ്റിലെ 4,5 ചാപ്റ്റർ അനുസരിച്ചാണ് ന്യായാലയം പ്രവർത്തിക്കുന്നത്. മറ്റു കോടതികളിൽ നിന്നും വ്യത്യസ്ഥമായി ഇൻഡ്യൻ എവിഡൻസ് ആക്റ്റിൽ പ്രസക്തമല്ലാത്ത മൊഴികൾ, റിപ്പോർട്ട്, രേഖകൾ ഗ്രാമ ന്യായാധികാരിക്ക് യുക്തമെന്ന് കരുതാവുന്ന മറ്റ് രേഖകൾ എന്നിവ തെളിവായി കണക്കാക്കി ഗ്രാമന്യായാലയത്തിൽ കേസുകൾ കൈകാര്യം ചെയ്യുന്നു. കൂടാതെ സാക്ഷി വിസ്താരം പോലുള്ള നടപടിക്രമങ്ങൾ സാധാരണ കോടതി നടപടിക്രമങ്ങളിൽ നിന്ന് ലഘുകരിക്കുകയും ചെയ്തിട്ടുണ്ട്. |

(സി) ഇവയിലെ ന്യായാധികാരികളെ നിയമിക്കുന്ന രീതി എന്താണ്; മുൻസിഫുമാരും മജിസ്ട്രേറ്റുമാരും കൈകാര്യം ചെയ്യുന്ന കേസ്സുകൾ എല്ലാം കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ളവരും നിഷ്പക്ഷരുമാണ് ന്യായാധികാരികൾ എന്ന് ഉറപ്പു വരുത്തുന്നതെങ്ങനെയെന്ന് വ്യക്തമാക്കാമോ ?

(സി) ഗ്രാമന്യായാലയ ആക്റ്റ് 2008 സെക്ഷൻ (5) പ്രകാരം ഹൈക്കോടതിയുമായി കൂടിയാലോചിച്ച് ഗ്രാമന്യായാലയങ്ങളിൽ സർക്കാർ ന്യായാധികാരിയെ നിയമിക്കുന്നു. മേൽപ്പറഞ്ഞ ആക്ടിലെ സെക്ഷൻ 6-ൽ ന്യായാധികാരിയുടെ യോഗ്യതയെപ്പറ്റി വിശദീകരിക്കുന്നു. അതിൻ പ്രകാരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ യോഗ്യതയാണ് ന്യായാധികാരിക്ക് നിഷ്ക്കർഷിച്ചിട്ടുള്ളത്. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, സ്ത്രീകൾക്കും, പ്രത്യേക വിഭാഗങ്ങൾക്കും നിയമനത്തിന് വേണ്ടി കാലാകാലങ്ങളിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നുണ്ട്. ഇപ്രകാരം ജുഡീഷ്യൽ സർവ്വീസിൽ തിരഞ്ഞെടുക്കപ്പെടുന്ന മുൻസിഫ് മജിസ്ട്രേറ്റ്മാരെ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ന്യായാധികാരിയായി നിയമിക്കുന്നു.

സെക്ഷൻ ഓഫീസർ